(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സ്വാതന്ത്ര്യസമര സേനാനിയുടെ അപേക്ഷ

693. [1114] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്വാതന്ത്ര്യസമര പെൻഷനുവേണ്ടി അപേക്ഷിച്ച കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽപ്പെട്ട ജോസഫ് അയ്യങ്കനാൻ എന്ന സ്വാതന്ത്ര്യ സമരസേനാനിയുടെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ജോസഫ് അയ്യങ്കനായിലിന്റെ അപ്പീൽ ഹർജി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാനായി കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

വൈയ്ക്കം സത്യാഗ്രഹികൾക്ക് പെൻഷൻ

694. [1115] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈയ്ക്കം സത്യാഗ്രഹികൾക്ക് പെൻഷൻ നല്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1924-ലെ വൈയ്ക്കം സത്യാഗ്രഹം കേരളാ സ്വാതന്ത്ര്യസമര സേനാനി പെൻഷൻ നല്കുന്നതിനുവേണ്ടി ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി) 22-2-1985-ലെ സർക്കാർ ഉത്തരവ് (എം. എസ്) 76/85/ജി. എ. ഡി എന്ന ഉത്തരവു പ്രകാരം വൈയ്ക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തവർക്ക് കേരളാ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ പദ്ധതിയനുസരിച്ചുള്ള പെൻഷനു അർഹതയുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹത്പ്പെട്ടവർക്ക് പെൻഷൻ ലഭിയ്ക്കാൻ ചില വിഷമതകൾ ഉണ്ടെന്ന പരാതി പരിഹരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് പരിഗണിച്ചുവരുന്നു.

പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തവർക്ക് പെൻഷൻ

695. [1116] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തവർക്ക് പെൻഷൻ നല്കാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) പുന്നപ്ര-വയലാർ സമരം കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ നല്കുന്നതിനു വേണ്ടി ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് പെൻഷൻ നല്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly